(ബി) ആർ.ബി.ഡി.സി.കെ. ഇതിന്റെ പഠനം റൈറ്റ്സ്, കിറ്റ്കോ എന്നീ ഏജൻസികൾ മുഖേനയാണ് നടത്തിയത്.

(സി) കിറ്റ്കോയുടെ 2009 മെയ് മാസത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പ്രസ്തുത പദ്ധതിക്ക് 1690 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കൃത്യമായ തുക കിറ്റ്കോയുടെ അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷമേ കണക്കാക്കാൻ സാധിക്കുകയുള്ളു.

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയാകുന്നത് മുതൽ മൂന്നു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാവും.

(ഇ) പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ട ശേഷമേ ഇത്തരം കാര്യങ്ങൾ പരിഗണിക്കാൻ സാധിക്കുകയുള്ളു.

കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ട പദ്ധതി

163 (5868) ശ്രീ. ബാബു പോൾ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പദ്ധതിയുടെ റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത് ?

ഉത്തരം

ഉണ്ട്. 2009 മാർച്ച് മാസം.

എം.സി. റോഡ് ഭാഗത്ത് വാഹന അപകടങ്ങൾ

164 (5869) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.റ്റി.പി. യിൽ ഉൾപ്പെടുത്തി നവീകരിക്കപ്പെട്ട എം.സി. റോഡ് ഭാഗത്ത് വാഹന അപകടങ്ങളുടെ നിരക്ക് വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപകടങ്ങളുടെ നിരക്ക് വർദ്ധനയുടെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) അപകടങ്ങൾ തടയുന്നതിനായി അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എം.സി.റോഡ് കെ.എസ്.ടി.പി.യിൽ ഉൾപ്പെടുത്തി പുനർനിർമ്മിച്ചു കഴിഞ്ഞപ്പോൾ വാഹനങ്ങളുടെ അമിത വേഗതമൂലം കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെപ്പറ്റി വിശദമായി പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) റോഡ് മാർക്കിംഗ്, ദിശാ ബോർഡുകൾ, റോഡ് സ്റ്റഡ്സ്, ക്രാഷ് ബാരിയറുകൾ എന്നീ ആധുനിക റോഡ് സുരക്ഷാ ക്രമീകരണങ്ങൾ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

റോഡുകളുടെ ഗുണനിലവാരം

165 (5870) ശ്രീ. എൻ. രാജൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് ; ഈ സംവിധാനങ്ങൾ പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗുണനിലവാരം അനുസരിച്ച് റോഡുകളെ തരംതിരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയായി തരംതിരിക്കും ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) നിലവാരം കുറഞ്ഞ റോഡുകളുമായി ബന്ധപ്പെട്ട് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് ഓരോ റോഡും അതിലൂടെ കടന്നുപോകുന്ന വാഹനങ്ങൾ വഹിക്കുന്ന ഭാരവും വാഹനങ്ങളുടെ എണ്ണവും കണക്കിലെടുത്താണ് നിർമ്മിക്കുന്നത്. വർദ്ധിച്ചു വരുന്ന വാഹന ബാഹുല്യം കണക്കിലെടുത്ത് സംസ്ഥാനപാതകളുടെയെല്ലാം ഉപരിതലം ബി.എം. ആന്റ് ബി.സി. ഉപയോഗിച്ച് പുതുക്കുന്ന പ്രവർത്തികൾ ഘട്ടം ഘട്ടമായി ഏറ്റെടുത്തു വരുന്നു. റോഡിന്റെ നിർമ്മാണത്തിനുപയോഗിക്കുന്ന വസ്തുക്കളുടെ അളവും ഗുണ നിലവാരവും വകുപ്പിലെ എഞ്ചിനീയർമാരും ചീഫ് ടെക്നിക്കൽ എക്സാമിനറും പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ഓരോ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ രൂപീകരിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly